REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-10-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- യുവാക്കൾക്ക് സ്ഥിരം ഗവണ്മെന്റ് ജോലി നൽകുന്നതിന് ശ്രമം നടത്തിവരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 51,000 ത്തിലധികം പേർക്ക് റോസ്ഗർ മേളയിൽ നിയമന കത്തുകൾ പ്രധാനമന്ത്രി വിതരണം ചെയ്തു.
- തൊഴിൽ സൃഷ്ടിക്കുന്നതിൽ റോസ്ഗർ മേളയുടെ പങ്ക് വളരെ വലുതാണെന്ന് കേന്ദ്രമന്ത്രി ചിരാഗ് പസ്വാൻ.
- കണ്ണൂർ ADM K നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് P.P ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി.
- കാസർഗോഡ് കളിയാട്ട മഹോത്സവത്തിനിടെ പടക്കങ്ങൾ സൂക്ഷിച്ച സ്ഥലത്തുണ്ടായ പൊട്ടിത്തെറിയിൽ 8 പേർക്കെതിരെ കേസെടുത്തു. പരിക്കേറ്റ 154 പേരിൽ 5 പേരുടെ നില അതീവ ഗുരുതരം.
- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് നാളെ പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ മത്സര ചിത്രം വ്യക്തമാകും.
- ഇന്ത്യ - ന്യൂസിലാൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം അൽപ്പ സമയത്തിനകം അഹമ്മദാബാദിൽ.

## വാർത്തകൾ വിശദമായി

കേന്ദ്ര ഗവണ്മെന്റിന്റെ വിവിധ വകുപ്പുകളിലും സംഘടനകളിലും പുതുതായി നിയമിതരായ 51,000 ലേറെ യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നിയമന കത്തുകൾ വിഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്തു. യുവാക്കൾക്ക് സ്ഥിരം ഗവണ്മെന്റ് ജോലി നൽകാൻ ശ്രമങ്ങൾ നടത്തിവരികയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്ത് 40 സ്ഥലങ്ങളിലാണ് റോസ്ഗർ മേള സംഘടിപ്പിച്ചത്. പുതുതായി നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് iGOT കർമ്മയോഗി പോർട്ടൽ വഴി അടിസ്ഥാന പരിശീലനം നൽകും.

✪✪✪

തൊഴിൽ സൃഷ്ടിക്കുന്നതിൽ റോസ്ഗർ മേളയുടെ പങ്ക് വളരെ വലുതാണെന്ന് കേന്ദ്രമന്ത്രി ചിരാഗ് പസ്വാൻ പറഞ്ഞു. തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച തൊഴിൽ മേളയിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. യുവാക്കളുടെ ശാക്തീകരണത്തിനും രാഷ്ട്ര വികസനത്തിൽ അവരുടെ പങ്കാളിത്തത്തിനും റോസ്ഗർ മേള പ്രേരക ശക്തിയാണ്. യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനൊപ്പം ശക്തവും സമൃദ്ധവുമായ ഇന്ത്യയെ കെട്ടിപ്പടുക്കാനും, രാജ്യത്തെ ഉയർച്ചയിലേക്ക് കൊണ്ടുപോകുന്നതിനും പ്രതിബദ്ധതയാണ് റോസ്ഗർ മേളയിലൂടെ പ്രതിഫലിക്കുന്നതെന്നും ചിരാഗ് പസ്വാൻ പറഞ്ഞു.

✪✪✪

പുതുതായി നിയമനം ലഭിച്ച യുവതി യുവാക്കൾ രാജ്യം ലക്ഷ്യമിടുന്ന വളർച്ചയും പുരോഗതിയും കൈവരിക്കുന്നതിന് കൂട്ടായ പ്രയാണത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിപ്രായപ്പെട്ടു.

കൊച്ചിയിൽ റോസ്ഗർ മേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഠിന പരിശ്രമം യുവജനങ്ങളുടെ ഭാവിയെ മാത്രമല്ല, രാജ്യത്തിൻറെ ഭാവിയെ കൂടി നിർണയിക്കുന്ന സുപ്രധാന ഘടകമാണെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ 135 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ കേന്ദ്ര സഹ മന്ത്രി വിതരണം ചെയ്തു.

✪✪✪

കണ്ണൂർ ADM ആയിരുന്ന K നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് P.P ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രിതിനിധി KO ശശിധരൻ.

....വോയ്സ്....

✪✪✪

PP ദിവ്യയ്ക്ക് പരമാവധി ശിക്ഷ കിട്ടണമെന്ന് ADM നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ പറഞ്ഞു. പൊലീസ് അവരെ അറസ്റ്റ് ചെയ്യണമെന്നും അവർ പത്തനംതിട്ടയിൽ മാധ്യമങ്ങളോട് സംസാരിക്കവെ ആവശ്യപ്പെട്ടു. ബന്ധുക്കൾ എത്തുന്നതിനു മുൻപേ പോസ്റ്റ്മോർട്ടം നടത്തിയതിൽ വീഴ്ചയുണ്ടായോ എന്നും പരിശോധിക്കണം. ജീവനക്കാരുടെ യോഗത്തിൽ പങ്കെടുക്കാൻ ദിവ്യയെ കലക്ടർ അനുവദിക്കരുതായിരുന്നു. പ്രസംഗം ലോക്കൽ ചാനലിനെകൊണ്ട് റെക്കോർഡ് ചെയ്യിപ്പിച്ചത് ശരിയായില്ലെന്നും മഞ്ജുഷ പറഞ്ഞു.

✪✪✪

ADM നവീൻ ബാബുവിന്റെ മരണത്തിൽ P.P ദിവ്യയെ അറസ്റ്റ് ചെയ്യാതെ ഗവണ്മെന്റ് നീതി നടപ്പാക്കുന്നതിൽ ഗുരുതരമായി പരാജയപ്പെട്ടുവെന്ന് പ്രതിപക്ഷ നേതാവ് V.D.സതീശൻ പ്രതികരിച്ചു. ഒരു വശത്ത് നവീന്റെ കുടുംബത്തോടൊപ്പമാണെന്ന് പറയുമ്പോഴും മറുവശത്ത് ദിവ്യയെ സംരക്ഷിക്കുന്ന നടപടിയാണ് ഗവണ്മെന്റും പാർട്ടിയും സ്വീകരിച്ചിരിക്കുന്നതെന്നും സതീശൻ പാലക്കാട്ട് മാധ്യമങ്ങളോട് പറഞ്ഞു. പ്രതി എവിടെയാണ് ഇപ്പോഴുള്ളതെന്ന് എല്ലാവർക്കും അറിയാമെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

✪✪✪

കണ്ണൂരിൽ പി പി ദിവ്യയെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

കാസർക്കോട് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് കളിയാട്ട മഹോത്സവത്തിനിടെ പടക്കങ്ങൾ സൂക്ഷിച്ച സ്ഥലത്തുണ്ടായ പൊട്ടിത്തെറിയിൽ 8 പേർക്കെതിരെ കേസെടുത്തു. ക്ഷേത്ര കമ്മറ്റിയിലെ ഏഴ് ഭാരവാഹികൾക്കും വെടിക്കെട്ട് നടത്തിയ രാജേഷ്

എന്നിയാൾക്കുമെതിരെയാണ് നീലേശ്വരം പൊലീസ് കേസെടുത്തത്. അലക്ഷ്യമായി സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്തതിനാണ് കേസ്. അപകടത്തിൽ 154 പേർക്കാണ് പരിക്കേറ്റത്. ഇവരിൽ 15 പേരുടെ പരിക്ക് ഗുരുതരവും 5 പേരുടെ നില അതീവ ഗുരുതരവുമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി P ജഗന്നിവാസൻ...

....വോയ്സ്....

✪✪✪

കണ്ണൂർ പരിയാരം ഗവ. മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്ന അഞ്ചുപേരിൽ രണ്ടുപേർ ICU വിൽ ആണ്. കണ്ണൂർ ചാലയിലെ സ്വകാര്യ ആശുപത്രികളിൽ 31 പേരെയാണ് പ്രവേശിപ്പിച്ചത് ഇതിൽ 4 പേരുടെ നില ഗുരുതരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

ഗുരുതരമായി പരുക്കേറ്റ 6 പേർ കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. 4 പേർ അതിതീവ്ര വിഭാഗത്തിലും 2 പേർ ICU വിലുമാണ്.

✪✪✪

ഇന്ന് ദേശീയ ആയുർവേദ ദിനം. ലോകാരോഗ്യത്തിന് ആയുർവേദത്തിന്റെ നൂതന രീതികൾ എന്ന പ്രമേയത്തിൽ ഒമ്പതാമത് ദേശീയ ആയുർവേദ ദിനം രാജ്യത്ത് വിവിധ പരിപാടികളോടെ ആചരിക്കുകയാണ്.

✪✪✪

ദേശീയ ആയുർവേദ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് ആശംസ നേർന്നു. ധന്വന്തരിയുടെ അനുഗ്രഹത്താൽ എല്ലാവരുടെയും ജീവിതം എല്ലായ്പ്പോഴും നല്ല ആരോഗ്യവും സന്തോഷവും സമൃദ്ധിയും നിറഞ്ഞതായിരിക്കുമെന്ന് മോദി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിന് നാളെ പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ മത്സര ചിത്രം വ്യക്തമാകും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ ഇന്നലെ 35 പത്രികകൾ സ്വീകരിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിൽ 16 ഉം, പാലക്കാട് നിയമസഭാ മണ്ഡലത്തിൽ 12 ഉം, ചേലക്കരയിൽ ഏഴും പത്രികകളാണ് സ്വീകരിച്ചത്.

വയനാട്ടിൽ അഞ്ചും, പാലക്കാട് നാലും, ചേലക്കരയിൽ രണ്ടും പത്രികകൾ തള്ളി.

അടുത്ത മാസം 13 ന് നടക്കുന്ന തിരഞ്ഞെടുപ്പിന് പ്രചാരണം അവസാനിക്കാൻ രണ്ടാഴ്ചയോളം മാത്രം ബാക്കിനിൽക്കെ വോട്ടുറപ്പിക്കാൻ പരമാവധി തന്ത്രങ്ങളുമായി മണ്ഡലങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ് സ്ഥാനാർത്ഥികളും നേതാക്കളും. ദേശീയ നേതാക്കൾ വൈകാതെ സംസ്ഥാനത്ത് പ്രചാരണത്തിനെത്തും. അടുത്തമാസം 23 നാണ് വോട്ടെണ്ണൽ.

✪✪✪

വയനാട് ലോക്സഭാ മണ്ഡലം UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്ന് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പര്യടനം നടത്തും. ഉച്ചയ്ക്ക് ഏറനാട് നിയോജക മണ്ഡലത്തിലെ തെരട്ടമ്മലും ഉച്ചകഴിഞ്ഞ് മമ്പാടും, വൈകിട്ട് ചുങ്കത്തറയിലും പ്രിയങ്ക ഗാന്ധി കോർണർ യോഗങ്ങളിൽ പങ്കെടുക്കും.

NDA സ്ഥാനാർഥി നവ്യ ഹരിദാസ് നിലമ്പൂർ മണ്ഡലത്തിൽ ഇന്ന് പര്യടനം നടത്തും. രാവിലെ കാരക്കോട് ആശ്രമത്തിൽ നിന്നും തുടങ്ങിയ പര്യടനം വൈകിട്ട് നിലമ്പൂർ കോവിലകത്തെത്തും.

LDF സ്ഥാനാർഥി സത്യൻ മൊകേരി മാനന്തവാടിയിലാണ് ഇന്ന് പര്യടനം നടത്തുന്നത്.

✪✪✪

മഹാരാഷ്ട്രയിൽ ഒറ്റഘട്ടമായി നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. സൂക്ഷ്മപരിശോധന നാളെ നടക്കും. 288 സീറ്റുകളിൽ അടുത്ത മാസം 20ന് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്.

✪✪✪

ജാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. ഈ ഘട്ടത്തിൽ 38 മണ്ഡലങ്ങളിൽ അടുത്ത മാസം 20 നാണ് വോട്ടെടുപ്പ്.

✪✪✪

പാരിസ് ഒളിമ്പിക്സ്സിൽ വെങ്കലനേട്ടം ആവർത്തിച്ച ഇന്ത്യൻ ഹോക്കി താരം P.R ശ്രീജേഷിന് സംസ്ഥാന ഗവൺമെന്റ് നാളെ തിരുവനന്തപുരത്ത് വിപുലമായ സ്വീകരണം നൽകും. വൈകിട്ട് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സ്വീകരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഗവൺമെന്റ് പ്രഖ്യാപിച്ച രണ്ട് കോടി രൂപയുടെ പാരിതോഷികം ശ്രീജേഷിന് സമ്മാനിക്കും. ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ അഞ്ച് കായിക താരങ്ങളെ പൊതു വിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ഓർഗനൈസറായി നിയമിക്കുന്ന ഉത്തരവും ചടങ്ങിൽ കൈമാറും.

പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത അത്‌ലറ്റിക്സ് ചീഫ് കോച്ച് രാധാകൃഷ്ണൻ നായർ, മുഹമ്മദ് അനസ്, മുഹമ്മദ് അജ്മൽ, അബ്ദുള്ള അബൂബക്കർ, HS പ്രണോയി എന്നിവരെയും ചടങ്ങിൽ ആദരിക്കും.

✪✪✪

ഇന്ത്യ - ന്യൂസിലൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തേയും അവസാനത്തേയും മത്സരം ഇന്ന്.

അഹമ്മദാബാദിൽ ഉച്ച കഴിഞ്ഞ് ഒന്നരയ്ക്ക് മത്സരം ആരംഭിക്കും. മൂന്നു മത്സര പരമ്പരയിൽ ഓരോ മത്സരം ജയിച്ച് സമനിലയിലായതിനാൽ പരമ്പര സ്വന്തമാക്കാൻ ഇരു ടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്.

✪✪✪

സൂപ്പർ ലീഗ് ഫുട്ബോളിന്റെ അവസാന റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഫോഴ്സ കൊച്ചിയും തൃശൂർ മാജിക് FC യും വൈകിട്ട് ഏഴരയ്ക്ക് ഏറ്റുമുട്ടും.

ഒമ്പത് റൗണ്ട് കഴിഞ്ഞപ്പോൾ കാലിക്കറ്റ് FC, കണ്ണൂർ വാരിയേഴ്സ്, കൊച്ചി ടീമുകളാണ് സെമിക്ക് യോഗ്യത നേടിയത്.

✪✪✪

ഇത്തവണത്തെ സംസ്ഥാന സ്കൂൾ കായികമേളയിലെ വിജയികൾക്ക് സമ്മാനദാനത്തോടൊപ്പം ഒലിവ് പുഷ്പ ചക്രത്തിന്റെ മാതൃകയിൽ കിരീടവും അണിയിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. തളിപ്പറമ്പ് മുത്തേടത്ത് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ രണ്ടാഴ്ച കൊണ്ടാണ് വിജയകിരീടം തയാറാക്കിയത്.

✪✪✪

കണ്ണൂർ ജില്ലയിലെ ടെക്നിക്കൽ ഹൈസ്കൂളിൽ ആറര കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം മന്ത്രി ഡോ R ബിന്ദു ഓൺലൈനായി നിർവ്വഹിച്ചു. 40 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കിച്ചൺ ബ്ലോക്കും മന്ത്രി ഉദ്ഘാടനം ചെയ്തു.